**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2544** **21-01-2021 - ൽ മറുപടിയ്ക്ക്**

**മറയൂർ 33 കെ.വി സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | **Shri M. M. Mani**<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | മറയൂർ 33 കെ.വി. സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | മറയൂർ 33 കെ.വി സബ് സ്റ്റേഷന്റേയും മൂന്നാർ മുതൽ മറയൂർവരെയുള്ള 33 കെ.വി ലൈനിന്റേയും പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയത് എപ്പോൾ പൂർത്തിയാക്കാനാവുമെന്നും അറിയിക്കാമോ? | (ബി) | മറയൂർ 33 കെ.വി സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. 1. പള്ളിവാസൽ വൈദ്യുത നിലയത്തിൽ നിന്നും 66/33 കെ.വി ട്രാൻസ്ഫോർ മറുകൾ സ്ഥാപിച്ച് 33 കെ.വി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തി. 2. പള്ളിവാസലിൽ നിന്നും മൂന്നാറിലേക്ക് 7 കിലോമീറ്റർ ദൂരത്തിൽ 33 കെ.വി വൈദ്യുതി ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി. മറയൂർ 33 കെ.വി സബ് സ്റ്റേഷന്റെ പണി 2021 ഫെബ്രുവരി ഇരുപത്തെട്ടോടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ